പോലീസ് വകുപ്പ്

കേരളം

**No. G1(b)-67963/2025/A**

ജില്ലാ പോലീസ് ഓഫീസ്,
ആലപ്പുഴ
✉spalpy.pol@kerala.gov.in
📞04772239326
തീയതി. 14-10-2025

**ആലപ്പുഴ ജില്ലയിലെ പോലീസ് സബ് ഡിവിഷണൽ ഓഫീസുകളിലേക്ക് വനിതാ കൗൺസിലർമാരെ (കരാർ അടിസ്ഥാനത്തിൽ) നിയമിക്കുന്നു**

**വിജ്ഞാപനം**

വനിതകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗിക അതിക്രമം/ഗാർഹിക പീഡനം/ സ്ത്രീധന പീഡനം തുടങ്ങിയ വിഷയങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും, നിയമപരമായി വേണ്ട പ്രതിവിധികൾ ഉറപ്പാക്കി അവരുടെ അതിജീവനത്തിന് സഹായം നൽകുന്നതിനും വേണ്ടി, ആലപ്പുഴ ജില്ലയിലെ സബ് ഡിവിഷണൽ ഓഫീസുകളിലേക്ക് 3 (**മൂന്ന്**) വനിതാ കൗൺസിലർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

## 1. ഒഴിവുകളുടെ വിവരങ്ങൾ

| തസ്തിക | ഒഴിവുകളുടെ എണ്ണം | നിയമന രീതി | പ്രതിഫലം |
|---|---|---|---|
| വനിതാ കൗൺസിലർ | 3 | കരാർ അടിസ്ഥാനത്തിൽ | ₹ 17,000/- പ്രതിമാസ വേതനം നൽകുന്നതായിരിക്കും |

## 2. അവശ്യ യോഗ്യതകളും പ്രവൃത്തി പരിചയം

- **വിദ്യാഭ്യാസ യോഗ്യത:** അംഗീകൃത സർവ്വകലാശാലയിൽ നിന്ന് സൈക്കോളജിയിൽ മാസ്റ്റർ ഡിഗ്രി (എം.എ/എം.എസ്സി സൈക്കോളജി).
- **പ്രവൃത്തി പരിചയം:** കൗൺസിലിംഗ് മേഖലയിൽ യോഗ്യത കഴിഞ്ഞ് കുറഞ്ഞപക്ഷം രണ്ട് (2) വർഷത്തെ പ്രവൃത്തി പരിചയം; പ്രത്യേകിച്ച് **പ്രതിസന്ധി ഘട്ടങ്ങളിൽ** സ്ത്രീകളെയും കുട്ടികളെയും കൈകാര്യം ചെയ്ത പരിചയം.

## 3. അഭികാമ്യമായ കഴിവുകൾ

- സഹാനുഭൂതി, മികച്ച ആശയവിനിമയത്തിനുള്ള കഴിവ്.

- സ്ത്രീകളെയും കുട്ടികളെയും സംബന്ധിച്ച നിയമപരിജ്ഞാനം.
- സമ്മർ ദ്ദവും **പ്രതിസന്ധി നിറഞ്ഞ സാഹചര്യങ്ങളിലും** പ്രൊഫഷണലിസത്തോടെയും രഹസ്യാത്മകതയോടെയും കൈകാര്യം ചെയ്യാനുള്ള കഴിവ്.
- പ്രാദേശിക ഭാഷ അറിവ്

**4. അപേക്ഷ സമർപ്പിക്കുന്ന രീതി**

- യോഗ്യതയും താൽപ്പര്യവുമുള്ള അപേക്ഷകർ, **ബയോഡാറ്റ**യോടൊപ്പം അപേക്ഷയും എല്ലാ പ്രസക്തമായ സർട്ടിഫിക്കറ്റുകളുടെയും (വയസ്സ്, വിദ്യാഭ്യാസ യോഗ്യത, അനുഭവം തുടങ്ങിയവയുടെ) സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, ഫോൺ നമ്പർ & ഇ -മെയിൽ വിലാസം ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ സമർപ്പിക്കണം:

**ജില്ലാ പോലീസ് മേധാവി ,**
**ജില്ലാ പോലീസ് ഓഫീസ്,**
**ആലപ്പുഴ** - 688012.

dpoalpy.pol@kerala.gov.in

**5. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി**

- അപേക്ഷകൾ സ്വീകരിക്കുന്നത് 2025 **ഒക്ടോബർ** 23 , വൈകുന്നേരം 5:00 മണി വരെ.

**6. തിരഞ്ഞെടുപ്പ് രീതി**

- അപേക്ഷകളുടെ സ്ക്രീനിംഗിന് ശേഷം ഇന്റർവ്യൂ നടത്തുന്നതാണ്. ലിസ്റ്റ് ചെയ്യപ്പെട്ട അപേക്ഷകരെ മാത്രമേ ഇന്റർവ്യൂവിനായി വിളിക്കുകയുള്ളൂ.അപേക്ഷയുടെ ഏതു ഘട്ടത്തിലും തിരഞ്ഞെടുപ്പ് പ്രക്രിയ വേണ്ടെന്നു വയ്ക്കുവാൻ ജില്ലാ പോലീസ് മേധാവിക്ക് അധികാമുള്ളതാണ്.

**ശ്രദ്ധിക്കുക:** നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

എം . പി . മോഹന ചന്ദ്രൻ നായർ ഐ . പി . എസ് .
ജില്ലാ പോലീസ് മേധാവി